**കേരള കാർഷിക സർവകലാശാല വാർത്തകൾ**

**(ഒക്ടോബർ 02 - ഒക്ടോബർ 08, 2025)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി - 680651**

**E-mail: ccmannuthy@kau.in, Phone: 0487-2370773)**

No. C3/4/2025-37 Dt. 29.09.2025

തെങ്ങിലെ വെള്ളീച്ചയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തയ്യാറാക്കിയതിലേക്ക് 20 ഗ്രാം ലെക്കാനിസീലിയം എന്ന മിത്രികുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക. മഴക്കാലമായതിനാൽ, തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് ഒരു പായ്ക്കറ്റിൽ അഞ്ച് ഗ്രാം വീതം മൂന്ന് എണ്ണം ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും വയ്ക്കുക.

മഴക്കാലത്ത്, ജാതിയിൽ കായ്അഴുകൽ, ഇലപൊഴിച്ചിൽ എന്നീ രോഗങ്ങൾ വരാൻ സാധ്യതയു ്. മുൻകരുതലായി ഒരു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻപിണ്ണാക്കുമായി കൂട്ടിക്കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം ര ാഴ്ച്ചവെച്ച മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ ചെടിക്ക് ചുവട്ടിലും ഇട്ടുകൊടുക്കുക. ഒരു മാസത്തിനു ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. അല്ലെങ്കിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിക്കുക. മണ്ണിലെ അമ്ലത്വം കുറയ്ക്കാനായി കുമ്മായം ഇട്ടു കൊടുക്കാവുന്നതാണ്.

കാബേജ്, കോളിഫ്ളവർ തുടങ്ങിയ ശീതകാല പച്ചക്കറികൾ നടാൻ പറ്റിയ സമയമാണിത്. വിത്ത് നട്ട് മുളപ്പിച്ച തൈകൾ 25 ദിവസം പാകമാകുമ്പോൾ പറിച്ച് നടാവുന്നതാണ്. പച്ചക്കറി വിളകൾക്ക് കഴിവതും ജൈവകീടനാശിനികൾ മുൻകൂറായി ഉപയോഗിക്കുന്നതാണ് നല്ലത്. വേപ്പെണ്ണ ഇമൾഷൻ, വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തുടങ്ങിയവ പച്ചക്കറി വിളകളിലെ മിക്ക കീടങ്ങളേയും നിയന്ത്രിക്കാൻ ഉപകരിക്കുന്ന ജൈവ കീടനാശിനികളാണ്. കൂടാതെ നീരൂറ്റികുടിക്കുന്ന പ്രാണികളെ നിയന്ത്രിക്കുന്നതിന് *ലെക്കാനിസീലിയം* എന്ന ജീവാണുക്കൾച്ചർ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 5 ഗ്രാം ബാർസോപ്പു ചേർത്ത് തളിക്കുക. സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുന്നത് രോഗപ്രതിരോധത്തിന് സഹായിക്കും.

പയറിൽ കായും ത   ും തുരക്കുന്ന കീടത്തിന്റെ, ഉപദ്രവമേറ്റ ഭാഗങ്ങൾ മുറിച്ചു നീക്കം ചെയ്യുക. കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക.

ഇടവിട്ടുള്ള മഴയും വെയിലും മൂലം ഇഞ്ചിയിൽ റൈസോം മാഗറ്റിന്റെ ആക്രമണം കാണാൻ സാധ്യതയു ്. കൃഷിസ്ഥലങ്ങളിൽ മതിയായ നീർവാർച്ച സൗകര്യം ഒരുക്കുക. കൂടാതെ 2.5 മില്ലി ക്ലോർപൈറിഫോസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മണ്ണ് കുതിരത്തക്കവണ്ണം തടത്തിൽ ഒഴിച്ചു കൊടുക്കുക.

നേന്ത്രവാഴ നടേ   സമയമാണ് ഇപ്പോൾ. രോഗകീട ബാധകൾ ഇല്ലാത്ത ഇട ത്തരം വലുപ്പമുള്ള സൂചിക്കന്നുകൾ വേണം നടാൻ. വാഴ നട്ട് കഴിഞ്ഞ്   ഒരു മാസ ത്തിനകം അര കിലോ കുമ്മായമെങ്കിലും വാഴ ഒന്നിന് നൽകണം.

**<u>അറിയിപ്പ്</u>**

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വക ലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 – 2370773
- കേരള കാർഷിക സർവകലാശാലയുടെ പബ്ളിക്കേഷനുകൾ ഇപ്പോൾ ഓൺലൈൻ പ്ലാറ്റ്ഫോമായ ആമസോൺ വഴിയും ലഭ്യമാണ്.
- കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487 – 2370773, **8547070773**

ഒപ്പ്/-
പ്രൊഫസർ & ഹെഡ്